ഡോക്ടർ – രോഗി ബന്ധം

# ഡോക്ടറെ കാണുമ്പോൾ

കളം രാജൻ

ആരോഗ്യസേവനം തേടേണ്ടത് ഇന്ന് ഒരനിവാര്യതയാണല്ലോ. അടിമുടി കച്ചവട വൽക്കരിക്കപ്പെട്ട ഒരവസ്ഥയിലാണ് നമ്മുടെ ആരോഗ്യമേഖല. പത്രത്തിലെ വമ്പൻ പരസ്യത്തിലും വെട്ടിത്തിളങ്ങുന്ന പട്ടുകുറ്റൻ കെട്ടിടത്തിലും മിന്നുന്ന പരസ്യബോർഡിലും ആകർഷിക്കപ്പെട്ട് കെണിയിൽ അകപ്പെടുന്നവരാണ് നമ്മളിലേറെയും.

എന്നാൽ കടസാദ്ധ്യത വളരെ കൂടിയ ഈ രംഗത്ത് ഉപഭോക്തൃ താല്പര്യം സംരക്ഷിക്കപ്പെടുന്നേയില്ല. കേരളം ഒഴികെയുള്ള മിക്ക സംസ്ഥാനങ്ങളിലും ഇത്തരം സ്ഥാപനങ്ങൾ നിയന്ത്രിക്കപ്പെട്ടുകൊണ്ടിരുന്നു. മനുഷ്യന്റെ ദുരിതങ്ങൾ വില്പനച്ചരക്കാക്കുന്ന സ്വകാര്യ ആരോഗ്യമേഖലക്കു നിയന്ത്രണം കൊണ്ടുവരാത്ത ഭരണകർത്താക്കൾ കുറ്റകരമായ അനാസ്ഥയാണു കാണിക്കുന്നത്. ഈ ഒരു സാഹചര്യത്തിൽ സ്വയം സംഘടിക്കുകയും പ്രതിരോധത്തിനു തയ്യാറാവുകയും മാത്രമേ വഴിയുള്ളൂ. അങ്ങിനെയുള്ള വഴികളിലൊന്നാണു നല്ല ഡോക്ടറെ, നല്ല ആശുപത്രിയെ എങ്ങനെ കണ്ടെത്താമെന്നത്. വൈദ്യശാസ്ത്ര ഡിഗ്രിക്കു പുറമെ താഴെ പറയുന്ന മാനദണ്ഡങ്ങൾ വെച്ച് നല്ല ഒരു ചികിത്സകനെ കണ്ടെത്താവുന്നതാണ്. അത്തരമൊരാളുടെ ഉപദേശനിർദ്ദേശങ്ങൾക്ക് മുൻതൂക്കം നൽകിക്കൊണ്ടാകണം സമീപിക്കേണ്ട ആശുപത്രിയേയും സ്പെഷലിസ്റ്റുകളേയും തീരുമാനിക്കേണ്ടത്. ഈ ചികിത്സകൾ ഒരു പ്രത്യേക വിഭാഗത്തിൽ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നവരാകാതിരിക്കുന്നത് നന്ന്.

| അംഗീകരിക്കപ്പെടേണ്ടവർ | ഒഴിവാക്കപ്പെടേണ്ടവർ |
|---|---|
| ●തന്റെ വിഷയത്തിൽ സമകാലീന അറിവുകൾ നേടാൻ ശ്രമിക്കുന്നവർ.<br>●ഇതര ചികിത്സാരീതികളോട് ആദരവ് കാണിക്കുന്നവർ.<br>ഫീസ് ഇല്ലാത്തതിന്റെ പേരിൽ രോഗികളോട് വിവേചനം കാണിക്കാത്തവർ.<br>●ഏതെങ്കിലും പ്രത്യേക സ്കാനിങ്ങ് സെന്ററുകൾ, ലബോറട്ടറികൾ തുടങ്ങിയ സ്ഥാപനങ്ങളിലേക്ക് ശുപാർശ ചെയ്യാത്തവർ.<br>●ആവശ്യത്തിനുള്ള മരുന്ന് വിലകുറഞ്ഞതും ശാസ്ത്രീയവും നിയമാനുസൃതവും ആയതു മാത്രം എഴുതുന്നവർ.<br>●ചികിത്സയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ രണ്ടാമതു ഒരഭിപ്രായം നേടുന്ന കാര്യത്തിൽ പ്രോത്സാഹിപ്പിക്കുന്നവർ.<br>●രോഗികളുടെ ചോദ്യങ്ങൾക്കു മറുപടി നൽകുന്നവർ.<br>●താൻ നൽകിയ മരുന്നുകളുടെ പേരും ഉള്ളടക്കവും വിവരവും ആവശ്യപ്പെട്ടാൽ നൽകുന്നവർ.<br>●രോഗത്തിന്റെ ഗൗരവത്തെ കുറിച്ച്, അപകടാവസ്ഥയെ കുറിച്ച്, കിട്ടുന്ന ചികിത്സാസൗകര്യത്തിനെ കുറിച്ചു പറഞ്ഞ് മനസ്സിലാക്കുന്നവർ.<br>●രോഗികളുടെ ചികിത്സാ സംബന്ധ രഹസ്യങ്ങൾ പുറത്തുവിടാത്തവർ.<br>●മറ്റൊരു ഡോക്ടറുടേയോ ആശുപത്രിയുടേയോ സേവനം ആവശ്യമായ ഘട്ടത്തിൽ അങ്ങോട്ടു ശുപാർശ ചെയ്യുന്നവർ. | ●അംഗീകാരമില്ലാത്ത ഡിഗ്രികൾ ഉണ്ടെന്നു തെറ്റിദ്ധരിപ്പിക്കുന്നവർ.<br>●തനിക്കു പരിശീലനം ലഭിക്കാത്ത ഒരു വിഭാഗത്തിന്റെ മരുന്നുകൾ കച്ചവടലാഭത്തോടെ കുറിച്ചുനൽകുന്നവർ.<br>●തന്റെ പ്രാവീണ്യം പത്രത്തിലൂടെ പരസ്യം ചെയ്യുന്നവർ.<br>രോഗികളുടെ രഹസ്യങ്ങൾ പരസ്യമാക്കുന്നവർ.<br>●രോഗികളെ അവഗണിക്കുന്നവർ, വിധേയരാവാൻ നിർബന്ധിക്കുന്നവർ.<br>●രോഗികൾ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കാൻ സമയം ഇല്ലാത്ത തിരക്കുള്ളവർ.<br>●ഏതെങ്കിലും പ്രത്യേക സ്കാനിങ്ങ് സെന്ററുകൾ, ലാബോട്ടറികൾ എന്നിവയോട് വിധേയത്വം പുലർത്തി ശുപാർശ ചെയ്യുന്നവർ. (ചില ലാബുകളിലേക്കു ഗുണനിലവാരത്തിന്റെ പേരിൽ ശുപാർശ ചെയ്യുന്ന നല്ല ഡോക്ടർമാരുണ്ട് എന്നത് മറക്കുന്നില്ല)<br>●ഏതെങ്കിലും ആശുപത്രികളിൽ കമ്മീഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവർ.<br>●തന്റെ തൊഴിലിനു പരസ്യം കിട്ടുകയെന്ന ഉദ്ദേശത്തോടെ പത്രത്തിൽ വാർത്തകളുണ്ടാക്കുന്നവർ.<br>●ചിലവു കുറഞ്ഞതും അപകടം നിറഞ്ഞതുമായ ചികിത്സാ ഇടപെടലിനു പകരം അപകട സാദ്ധ്യതയുള്ളതും ചിലവു കൂടിയതുമായ രീതികൾ സ്വീകരിക്കുന്നവർ. |

### ഡോക്ടർമാരെപ്പോലെ ആശുപത്രികളേയും നാം വിലയിരുത്തേണ്ടതുണ്ട്

●ഡോക്ടർ ഉൾപ്പെടെയുള്ള ജീവനക്കാർ യോഗ്യതയുള്ളതാണോ എന്നുറപ്പുവരുത്തുക.
●ജീവനക്കാരുടെ സേവനം ആവശ്യത്തിനു ലഭിക്കുമോ എന്നുറപ്പാക്കുക.
●അനാവശ്യ ചികിത്സാ ഇടപെടലുകൾ വരുത്താത്ത സ്ഥാപനമാണോ എന്നുറപ്പാക്കുക.
●ചികിത്സാ സംബന്ധിയായ രേഖകളിലും ഇടപെടലുകളിലും സുതാര്യതയുണ്ടോ എന്നറിയുക.
●രോഗികളുടെ അജ്ഞത ചൂഷണം ചെയ്യുന്നില്ലെന്ന് ഉറപ്പുവരുത്തുക.
●സേവനത്തിന്റെ നിരക്കുകൾ തുറന്നുപറയുകയും രഹസ്യനിരക്കുകൾ ഈടാക്കില്ലെന്നുറപ്പു വരുത്തുകയും പരാതി കേൾക്കാനും പരിഹരിക്കാനും നീതിബോധമുള്ള ഒരു മാനേജ്മെന്റ് ആണോയെന്ന് ഉറപ്പുവരുത്തുക.
●ഡോക്ടർമാർക്ക് ശമ്പളവ്യവസ്ഥക്കു പകരം രോഗികളുടെ ബില്ലിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ നിരക്ക് നിശ്ചയിച്ച സ്ഥാപനമല്ലെന്ന് ഉറപ്പുവരുത്തുക.
●രോഗികളെ ആകർഷിക്കാൻ ഏജന്റുമാരെ നിയമിക്കുന്ന സ്ഥാപനമല്ലെന്നുറപ്പു വരുത്തുക.
●തങ്ങളുടെ നേട്ടങ്ങൾ, റിക്കാർഡുകൾ, വിജയങ്ങൾ എന്നിവയെക്കുറിച്ച് പരസ്യം ചെയ്തുകൊണ്ടിരിക്കുന്നവരേയും ഒഴിവാക്കുക.

*കോട്ടക്കൽ, മലപ്പുറം*